# ചെത്തിക്കൊടുവേലി

പ്ലംബാഗോ ഇൻഡിക്ക എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ചെത്തികൊടുവേലി  പ്ലംബാജിനേസിയേ കുടുംബത്തിലെ അംഗമാണ്. റെഡ് ഫ്ളവേർഡ് ലഡ്‌വർട്ട് എന്നറിയപ്പെടുന്ന ഈ സസ്യം  ലാൽച്ചിത്ര എന്ന് ഹിന്ദിയിലും ചിത്രക് എന്ന് സംസ്കൃതത്തിലും  അറിയപ്പെടുന്നു. ഇതിനെ  തിരുവാതിരപ്പൂ എന്നും വിശേഷിപ്പിക്കുന്നുണ്ട്.

## രൂപവിവരണവും ഇനങ്ങളും

ഏതാണ്ട് അരമീറ്റർ മുതൽ ഒരു മീറ്റർവരെ ഉയരത്തിൽ വളരുന്ന ഒരു ചിരസ്ഥായീ സസ്യമാണ്  ചെത്തികൊടുവേലി. ഇലകൾക്ക് 5  മുതൽ 10 സെന്റീമീറ്റർ നീളവും 4 മുതൽ 6 സെന്റീമീറ്റർ വീതിയും കാണും. നീണ്ട് ശിഖരങ്ങളുള്ള  പൂങ്കുല അത്യന്തം മനോഹരവും പൂന്തോട്ടത്തിന് അലങ്കാരവുമാണ്.  ഔഷധയോഗ്യമായ ഭാഗം അല്പം തടിച്ചവേരുകളാണ്.  ഓരോ ചെടിയിലും  അര മീറ്റർ നീളവും  5 മുതൽ 8 മില്ലി മീറ്റർ വണ്ണവുമുള്ള  മൂന്നു നാലു  വേരുകൾ  ഉണ്ടാകും.

വെളുത്ത പൂക്കളോടുകൂടിയ പ്ലംബാഗോ സൈലാനിക്ക എന്ന വെള്ളകൊടുവേലിയും നീല പൂക്കളോടുകൂടിയ പ്ലംബാഗോ  ഓറികുലേറ്റ  എന്ന നീലകൊടുവേലിയും പ്രചാരത്തിലുണ്ടെങ്കിലും കേരളത്തിൽ കൃഷി ചെയ്യപ്പെടുന്നതും ഔഷധനിർമ്മാണ രംഗത്ത് ഏറെ ഉപയോഗിക്കപ്പെടുന്നതും ചെത്തികൊടുവേലിയാണ്.

## രാസഘടകങ്ങൾ

ചെത്തിക്കൊടുവേലിയുടെ വേരിൽ അടങ്ങിയിരിക്കുന്ന പ്ളംബാജിൻ എന്ന രാസവസ്തുവാണ് പ്രധാനമായും ഔഷധവീര്യം പ്രദാനം ചെയ്യുന്നത്.  കൊടുവേലിക്കിഴങ്ങ് കൈകാര്യം ചെയ്യുമ്പോൾ തൊലിയിൽ പൊള്ളലുണ്ടാകുന്നത് ഈ രാസവസ്തു മൂലമാണ്.   വേരിൽ ഏകദേശം 0.2% മുതൽ 1.0% വരെ പ്ളംബാജിൻ അടങ്ങിയിട്ടുണ്ട്.

കൊടുവേലി കിഴങ്ങു ശുദ്ധിചെയ്യുവാൻ കിഴങ്ങിനുള്ളിലെ നാരും പുറമേയുള്ള മൊരിയും കളഞ്ഞ് ചുണ്ണാമ്പുവെള്ളത്തിൽ ഇട്ടു വച്ച് കുറച്ചു സമയം കഴിഞ്ഞതിന ശേഷം വെള്ളത്തിൽ കഴുകിയെടുക്കുക. ചുണ്ണാമ്പു വെള്ളത്തിന്റെ നിറം ഇളംചുവപ്പിൽ നിന്നും സ്വാഭാവികമായ വെളുത്തനിറം ആകുന്നതു വരെ ഈ പ്രക്രിയ  ആവർത്തിക്കണം .

## ഇനങ്ങൾ

ചെത്തിക്കൊടുവേലിയുടെ വിവിധ തരങ്ങൾ കേരള കാർഷിക സർവകലാശാലയിൽ പഠനവിധേയമാക്കുകയുണ്ടായി. ഇവയിൽനിന്നും ഉരുത്തിരിച്ചെടുത്ത മേൻമയേറിയ ഇനങ്ങളാണ് മൃദുലയും അഗ്നിയും.

ചെറിയ ഇലകളും നേർത്ത വേരുകളുമുള്ള മൃദുല എന്ന ഇനത്തിന്റെ വിളവ് ഒരു ഏക്കറിൽ നിന്നും 4000 കിലോ  പച്ച വേരുകളാണ്. ഇതിൽ പ്ലംബാജിൻ എന്ന രാസവസ്തു വളരെ കുറഞ്ഞ അളവിൽ മാത്രമെ അടങ്ങിയിട്ടുള്ളൂ.

വീതി കൂടിയ ഇലകളും തടിച്ച വേരുകളും ഉള്ള അഗ്നി എന്ന ഇനം ഏക്കറിൽ നിന്നും 3400  കിലോ  പച്ച വേരുകൾ ഉല്പാദിപ്പിക്കും. ഇതിൽ 0.8 ശതമാനത്തോളം പ്ലംബാജിൻ അടങ്ങിയിട്ടുണ്ട്.  സത്തെടുക്കുവാൻ ഈ ഇനം  അനുയോജ്യമാണ്.

## ഔഷധമൂല്യവും ഉപയോഗങ്ങളും

കൊടുവേലിക്കിഴങ്ങ് അർശ്ശസ്, മഹോദരം, ത്വക് രോഗങ്ങൾ, ഗ്രഹണി എന്നിവക്കെതിരെ ഫലപ്രദമാണ്.

ഇത് കഫം, വാതം തുടങ്ങിയവ ശമിപ്പിക്കുന്നു.

കൊടുവേലികിഴങ്ങും ചിറ്റമൃതും സമമെടുത്ത് കഷായം വെച്ച് രാവിലെയും വൈകിട്ടും കുടിച്ചാൽ പ്രമേഹം ശമിക്കും.

കൊടുവേലി ചേർത്തുണ്ടാക്കുന്ന അഗ്നിതുണ്ടിവടി എന്ന ഔഷധം ദഹനക്കുറവുമൂലമുണ്ടാകുന്ന രോഗങ്ങൾക്ക് ഉത്തമ ഔഷധമാണ്.

മന്ത്, വെള്ളപ്പാണ്ട്, നീര് എന്നീ അസുഖങ്ങൾക്ക് കൊടുവേലി അരച്ചുപുരട്ടുന്നത് നല്ലതാണ് .

ഔഷധസോപ്പുനിർമ്മാണത്തിൽ ഒരു പ്രധാന ഘടകമാണ് കൊടുവേലിക്കിഴങ്ങ്.

ക്യാൻസറിനെതിരായും പ്രിസർവേറ്റീവായും ഇതുപയോഗിക്കാമെന്ന് കണ്ടിട്ടുണ്ട്.

ഹൂതഭൂഗാദി ചൂർണ്ണം, ചിത്രകാസവം, താലീസ്പത്രാദി ചൂർണ്ണം, ദശമൂലാരിഷ്ടം, ഗുലുഗുലുതിക്തക കഷായം, യോഗരാജചൂർണ്ണം തുടങ്ങിയ ഔഷധങ്ങളിൽ കൊടുവേലി ചേരുവയാണ്.

## നടീലും വിളപരിചരണവും

### കാലാവസ്ഥയും മണ്ണും

ചൂടും ഈർപ്പവുമുള്ള ഉഷ്ണമേഖലാപ്രദേശത്തും സമശീതോഷ്ണമേഖലയിലും ചെത്തിക്കൊടുവേലി കൃഷി ചെയ്യാം. നല്ല നീർവാർച്ചയും, താഴ്ചയുമുള്ള ഏത് മണ്ണിലും ഇത് വളർത്താവുന്നതാണ്. തുറസ്സായ സ്ഥലങ്ങളിലും, ഇടവിളയായി തെങ്ങിൻ തോപ്പുകളിലും , കൃഷി ചെയ്യാം.

### പ്രവർദ്ധനം

ചെത്തികൊടുവേലിയിൽ വിത്തുകൾ ഉണ്ടാകാറില്ല. തണ്ട് ഉപയോഗിച്ചാണ് വംശവർദ്ധനവ് നടത്തുന്നത്. വളർച്ചയെത്തിയ ചെടികളുടെ തലപ്പുകൾ, ആവശ്യാനുസരണം മുറിച്ചെടുത്ത് നടീൽ വസ്തുവായി ഉപയോഗിക്കാം.

ഇടത്തരം മൂപ്പുള്ള തണ്ടുകളാണ് നടാൻ യോജിച്ചത്. ഒന്നോ രണ്ടോ മുട്ടുകളുള്ള തണ്ടുകൾ 0.05 ശതമാനം ഐ. ബി.എ. ലായനിയിൽ ഒരു മിനിറ്റ് മുക്കി നട്ടാൽ കൂടുതൽ മുളശതമാനം ലഭിക്കുന്നതായി കണ്ടിട്ടുണ്ട്.

തണ്ടുകൾ നഴ്സറിയിൽ നട്ട് വേരുപിടിച്ചതിനുശേഷം നടുകയും ചെയ്യാം. രണ്ടുമാസംകൊണ്ട് കമ്പുകൾ കൃഷിസ്ഥലത്ത് നടുവാൻ തയ്യാറാകും.

### നടീൽ

ആഴത്തിൽ വേരോടുന്ന വിളയായതിനാൽ താഴ്ചയിൽ മണ്ണിളക്കി പരുവപ്പെടുത്തി വേണം ചെത്തികൊടുവേലി നടുവാൻ. കാലവർഷാരംഭത്തോടുകൂടി നിലം ഒന്നര രണ്ടടി ആഴത്തിൽ ഉഴുതിളക്കി ഒരു മീറ്റർ വീതിയുള്ള വാരങ്ങളെടുക്കണം. അടിവളമായി ഏക്കറിന് 4 ടൺ കാലിവളം, അര ടൺ

എല്ലുപൊടി അല്ലെങ്കിൽ 100 കിലോ രാജ്ഫോസ് എന്നിവ ചേർത്ത് മുറിച്ചൊരുക്കിയ കമ്പുകൾ അടുത്തടുത്ത് നടാം.

ഏക്കറൊന്നിന് 200 കിലോഗ്രാം വേപ്പിൻ പിണ്ണാക്കും, ജീവാണുവളങ്ങളായ ട്രൈക്കോഡെർമ, ആർബസ്കുലാർ മൈക്കോറൈസ, സ്യൂഡോമോണാസ് ഫ്ളൂറസെൻസ് എന്നിവ ഓരോ കിലോ വീതവും ചാണകത്തോടൊപ്പം പ്രയോഗിക്കുന്നത് കീടരോഗ പ്രതിരോധശക്തി വർദ്ധിപ്പിക്കുവാൻ സഹായിക്കും.

ചെടികൾ തമ്മിൽ 10 സെന്റീമീറ്റർ അകലം മതിയാവും. കമ്പുകൾ വേരു പിടിക്കാൻ ഏകദേശം ഒന്നര മാസം വേണ്ടിവരും. അതിനാൽ ഈ കാലയളവിൽ മഴയില്ലെങ്കിൽ ആവശ്യാനുസരണം നനച്ചുകൊടുക്കണം.

നട്ട് 2–ാം മാസത്തിലും 4–ാം മാസത്തിലും കളകൾ നീക്കം ചെയ്തശേഷം ഏക്കറിന് 25 കിലോഗ്രാം യൂറിയ, 15 കിലോഗ്രാം പൊട്ടാഷ് എന്ന തോതിൽ മേൽവളപ്രയോഗം നടത്തി മണ്ണു കയറ്റികൊടുക്കണം.

ജൈവവളങ്ങൾക്ക് ഊന്നൽ നൽകിയുള്ള വളപ്രയോഗമാണ് സ്വീകരിക്കുന്നതെങ്കിൽ മേൽവളമായി ചാണകവെള്ളം രണ്ടുമാസത്തിലൊരിക്കൽ ഒഴിച്ചു കൊടുക്കാം.

തുറസ്സായ സ്ഥലത്തു നട്ടിരിക്കുന്ന വിളയാണെങ്കിൽ വേനൽക്കാലത്ത് ഓല കൊണ്ട് ചെടികൾ മൂടുന്നത് നല്ലതാണ്. ചെറുതായി നനച്ചുകൊടുക്കുകയും ചെയ്യാം.

## കീടങ്ങളും രോഗപരിചരണവും

ഇലകരിച്ചിലും കമ്പുണക്കവും സാധാരണ കണ്ടുവരാറുള്ള രോഗമാണ്. കരിഞ്ഞുണങ്ങിയ ഇലകളും കമ്പുകളും നീക്കം ചെയ്ത് തീയിട്ട് നശിപ്പിക്കണം. ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുന്നതും നല്ലതാണ്.

മീലിമൂട്ടകൾ, ഇലയുടെ അടിഭാഗത്തും ചെടിയുടെ ചുവട്ടിലും പറ്റിപിടിച്ചിരുന്ന്, നീരൂറ്റിക്കുടിച്ച് ചെടിയെ നശിപ്പിക്കും. ഇത് ശ്രദ്ധയിൽ പെട്ടാൽ ഇലകൾ പറിച്ചെടുത്ത് നശിപ്പിക്കുന്നത് കീടബാധ ശമിപ്പിക്കാൻ സഹായിക്കും. കൂടുതൽ കീടബാധയുണ്ടെങ്കിൽ 3 ശതമാനം വേപ്പിൻ കുരുസത്ത് കലക്കി തളിക്കുന്നത് ഫലപ്രദമാണ്.

ത്രിപ്സിന്റെ ആക്രമണം മൂലം മഴക്കാലത്ത് ഇലകളുടെ അരികുകളും കൂമ്പും ചുരുണ്ട് വളർച്ച മുരടിക്കുന്നതായി കാണാം. വേപ്പെണ്ണ 2% വീര്യത്തിൽ തളിച്ച് ഇവയെ നിയന്ത്രിക്കാം.

വേരിനെ ആക്രമിക്കുന്ന നിമാവിരകളുടെ ആക്രമണം മൂലം വേരിൽ മുഴകൾ ഉണ്ടാകുകയും ക്രമേണ വേരിന്റെ വളർച്ച മുരടിക്കുകയും ചെയ്യും. ഉപദ്രവം കൂടുതലുള്ള സ്ഥലങ്ങളിൽ നിലമൊരുക്കുന്ന സമയത്തു് ഏക്കറിന് 2 ടൺ എന്ന തോതിൽ വേപ്പിൻപിണ്ണാക്ക് ചേർത്തുകൊടുക്കണം.

## വിളവെടുപ്പ് ,സംസ്കരണം,വിപണനം.

നട്ട് ഒന്നര മുതൽ രണ്ടു വർഷത്തിനുള്ളിൽ വിളവെടുക്കുന്നതാണ് അഭികാമ്യം. ഈ കാലയളവിൽ കൂടുതൽ വിളവ് ലഭിക്കുന്നതിനു പുറമെ വേരിൽ അടങ്ങിയിട്ടുള്ള പ്ളംബാജിന്റെ അളവും കൂടുതലായിരിക്കും.

ഡിസംബർ-ജനുവരി മാസം വിളവെടുപ്പിന് നല്ല സമയമാണ്. ചുവട് ആഴത്തിൽ കിളച്ച് വേരുകൾ ശേഖരിക്കുന്നു. കൊടുവേലിയുടെ വേര് ശരീരഭാഗങ്ങളിൽ സ്പർശിച്ചാൽ പൊള്ളലേൽക്കുന്നതുകൊണ്ട് അത് വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്. വിളവെടുക്കുമ്പോൾ കൈയിൽ ഉറകൾ ധരിക്കുന്നത് നല്ലതാണ്.

കൊടുവേലിവേര് പച്ചയായാണ് കൂടുതലും വിപണനം ചെയ്യുന്നത്. മുറിച്ചെടുത്ത വേരുകൾ മണ്ണുകുടഞ്ഞ് വൃത്തിയാക്കി കെട്ടുകളാക്കുന്നു. വേരുഭാഗം നടുവിൽ വരത്തക്ക രീതിയിൽ രണ്ടു വശത്തുനിന്നും കടകൾ അടുക്കി ഏകദേശം 10 കിലോ വീതമുള്ള കെട്ടുകളാക്കുന്നു. ഏക്കറൊന്നിന് ശരാശരി 4000 കിലോ പച്ചവേര് ലഭിക്കും.

വെള്ളത്തിൽ നന്നായി കഴുകിയ ശേഷം തണലിൽ ഉണക്കിയും വിപണനം ചെയ്യാറുണ്ട്. ഉണക്കിയാൽ ഏകദേശം മൂന്നിലൊന്നു തൂക്കം ഉണ്ടാകും.